LIBRARY ARCHIVES Kerala Legislative Assembly

മത്സ്യഫെഡ് മുഖേന പ്രത്യേക ആശ്വാസ പദ്ധതി

86 [1889] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾക്കായി ഇതുവരെ എന്തുതുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പ്രത്യേക പദ്ധതി തുടങ്ങിയിട്ടില്ല. എന്നാൽ നേരത്തെയുള്ള പദ്ധതികൾ തുടർന്നുവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളും ക്ഷേമ പദ്ധതികളും

87 [1890] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിരുന്ന ക്ഷേമപദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) എല്ലാ മത്സ്യത്തൊഴിലാളികൾക്കും അർഹമായ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം VIII

ഉത്തരം

(എ) 26,33,38 പേർ.

(ബി) 1. ഗ്രൂപ്പ് ഇൻഷ്വറൻസ്.
2. അപകടചികിത്സാ സഹായം.
3. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണം—ആശ്രിതർക്ക് ധനസഹായം.
4. വിവാഹ ധനസഹായം.
5. വാർദ്ധക്യകാല പെൻഷൻ.
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം.
7. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം.
8. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.
9. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്—തുടർവിദ്യാഭ്യാസത്തിന് ധനസഹായം.
10. കുടുംബ സംവിധാന പദ്ധതി.
11. മാരക രോഗ ചികിത്സാ പദ്ധതി.
12. ചെയർമാൻസ് റിലീഫ് ഫണ്ട്.
13. പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായം.
14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.
15. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി.
16. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പദ്ധതി.
17. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികൾ

88 [1891] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയ ധനസഹായ പദ്ധതികൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം എന്തു തുകവീതം ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly